പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2443 | 9.03.2018-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.മുരളീധരൻ: | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം വർദ്ധിപ്പിക്കുവാൻ വേണ്ടി സംഘടനകൾ നടത്തിയ സമരത്തെ തുടർന്ന് 2017 ൽ മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ഉണ്ടായ ഒത്തുതീർപ്പനുസരിച്ച് എടുത്ത തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുമോ ; | (എ) | 1. 29.01.2016-ലെ ബഹു.സുപ്രീംകോടതി വിധിയനുസരിച്ച് നിയോഗിച്ച കമ്മിറ്റി നിർദ്ദേശിച്ച രീതിയിൽ 50 കിടക്ക വരെയുള്ള സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം 20,000/- രൂപയായി നിശ്ചയിച്ചു. 50 കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിലെ ശമ്പളം സുപ്രീംകോടതി മാർഗ്ഗരേഖയനുസരിച്ച് നിർണ്ണയിക്കാൻ സർക്കാർ ഒരു സമിതിയെ നിയോഗിക്കാനും യോഗത്തിൽ തീരുമാനമായി.<br>2. നഴ്സിംഗ് ട്രെയിനിമാരുടെ സ്റ്റൈപ്പന്റ് കാലോചിതമായി വർദ്ധിപ്പിക്കും. ട്രെയിനിംഗ് കാലാവധി സംബന്ധിച്ച കാര്യവും സ്റ്റൈപ്പന്റ് പുതുക്കി നിശ്ചയിക്കുന്ന കാര്യവും സമിതിയുടെ പരിഗണനയ്ക്ക് വിടുന്നതായിരിക്കും.<br>3. ഇക്കാര്യങ്ങൾ പരിശോധിക്കാനും ശുപാർശ സമർപ്പിക്കാനുമായി തൊഴിൽ-ആരോഗ്യ-നിയമ സെക്രട്ടറിമാരും ലേബർ കമ്മീഷണറും അംഗങ്ങളായി ഒരു സമിതിയെ സർക്കാർ നിയോഗിക്കും.<br>4. ഒരു മാസത്തിനകം സമിതി റിപ്പോർട്ട് സമർപ്പിക്കണം.<br>5. മിനിമം വേതനം പുതുക്കി നിശ്ചയിക്കാനുള്ള അധികാരം മിനിമം വേജസ് കമ്മിറ്റിക്കാണ്. സർക്കാർ നിയോഗിക്കുന്ന സമിതിയുടെ നിർദ്ദേശങ്ങൾ മിനിമം വേജസ് കമ്മിറ്റിയുടെ പരിഗണനക്കായി സമർപ്പിക്കും.<br>6. സമരത്തിന്റെ പേരിൽ മാനേജ്മെന്റുകൾ പ്രതികാരനടപടികൾ സ്വീകരിക്കില്ല. സമരം അവസാനിപ്പിക്കുകയും ജീവനക്കാർ ആശുപത്രി പ്രവർത്തനങ്ങളിൽ പൂർണ്ണമായി സഹകരിക്കുകയും ചെയ്യും. |

| | |
|---|---|
| (ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.